പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3250 — 19.06.2019-ൽ മറുപടിക്ക്

# ഗ്രാമപഞ്ചായത്തുകൾ നൽകുന്ന സംഭാവന

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |

എ) ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ഏതെല്ലാം ആവശ്യങ്ങൾക്കും പരിപാടികൾക്കും ഏതൊക്കെ സംഘടനകൾക്ക് സംഭാവന നൽകാൻ സാധിക്കും;

എ) 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിൽ ചട്ടം 3(1) പ്രകാരം പഞ്ചായത്തുകൾ, അതത് പഞ്ചായത്ത് ഫണ്ടിൽ നിന്നും താഴെപ്പറയുന്ന കാര്യങ്ങൾക്കുവേണ്ടി ചെയ്യേണ്ടതാവുന്ന ചെലവുകൾ, ഈ ചട്ടങ്ങളുടെ ആവശ്യത്തിലേക്കായി 'അസാധാരണ ചെലവുകൾ' എന്ന് അറിയപ്പെടുന്നതാകുന്നു. അതായത്,

(i) ഏതെങ്കിലും പഞ്ചായത്ത് സമ്മേളനത്തിന്റെയോ പഞ്ചായത്തുകളുടെ സംഘടനകളുടെയോ ചെലവിലേക്കായി സംഭാവന നൽകുന്നതിന്;

(ii) പ്രമുഖ വ്യക്തികളുടെ സ്വീകരണമോ, ഏതെങ്കിലും പൊതുപ്രദർശനമോ, ആഘോഷമോ വിനോദമോ സംഘടിപ്പിക്കുന്നതിന്;

(iii) കലാ-സാംസ്കാരിക മത്സരങ്ങളും കായിക വിനോദവും സംഘടിപ്പിക്കുന്നത്

(iv) വിജയികൾക്കുള്ള സമ്മാനദാനത്തിന്;

(v) പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചടങ്ങുകൾ നടത്തുന്നതിന്;

(vi) പഞ്ചായത്തിനു പങ്കാളിത്തമുള്ള ചികിത്സാക്യാമ്പ്, സൗജന്യ ചികിത്സാപദ്ധതി എന്നിവ നടപ്പാക്കുന്നതിന്;

(vii) നിയമ സഹായനിധി സംഘടിപ്പിക്കുന്ന നിയമസഹായ സാക്ഷരതാ ക്യാമ്പുകൾ നടത്തുന്നതിന്;

(viii) കലാ-സാംസ്കാരിക പ്രദർശനങ്ങൾ നടത്തുന്നതിന്;

(ix) പഞ്ചായത്ത് ആസ്തികളുടെ ഉദ്ഘാടനം

നിർവ്വഹിക്കുന്നതിന്;

(x) നെഹ്റു യുവകേന്ദ്ര, നാഷണൽ സർവ്വീസ് സ്കീം എന്നിവ സംഘടിപ്പിക്കുന്ന പരിപാടികൾക്ക്;

(xi) പഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ പരിസ്ഥിതി ക്ലബ്ബുകളും ആസൂത്രണ സംഘടനകളും വിദ്യാഭ്യാസ ,സ്ഥാപനങ്ങളിൽ സംഘിടിപ്പിക്കുന്ന പരിപാടികൾ നടത്തുന്നതിന്;

(xii) സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്നു നടത്തുന്ന മറ്റു ചടങ്ങുകൾക്ക്;

(xiii) പ്രകൃതിക്ഷോഭത്തെ തുടർന്നു അനിവാര്യമാകുന്ന അടിയന്തര ദുരിതാശ്വാസ നടപടികൾക്ക്;

(xiv) ആക്ടിലോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ പ്രത്യേകം പറഞ്ഞിട്ടില്ലാത്ത ഏതെങ്കിലും കാര്യങ്ങൾക്ക്;

ബി) ഇങ്ങനെ നൽകുന്ന സംഭാവനകൾക്ക് പരിധിയുണ്ടോയെന്നും പരമാവധി നൽകാവുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ;

ബി) 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിൽ ചട്ടം 4(1) 3-ാം ചട്ടം (1) ഉപചട്ടത്തിൽ പറയുന്ന എല്ലാ അസാധാരണ ചെലവുകൾക്കും വേണ്ടി ഒരു ഗ്രാമപഞ്ചായത്തിന് ഒരു വർഷം ചെലവാക്കാവുന്ന മൊത്തം തുക, (2)-ാം ഉപചട്ടപ്രകാരം കണക്കാക്കുന്ന മുൻ വർഷത്തെ അതിന്റെ മിച്ച ഫണ്ടിന്റെ 20 ശതമാനം വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും ചെലവ് ചെയ്യാവുന്നതാണ്.

സി) ഇത് സംബന്ധിച്ച ചട്ടങ്ങളും നടപടിക്രമങ്ങളും എന്താണെന്ന് വിശദമാക്കാമോ;

സി) 2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ, പ്രത്യേക സർക്കാർ ഉത്തരവുകൾ.

ഡി) സർക്കാർ അനുമതി ഇല്ലാതെ ഗ്രാമപഞ്ചായത്ത് ഫണ്ട് (തനതോ, പ്ലാനോ) ഗ്രാമപഞ്ചായത്തുകളുടെ ആവശ്യത്തിനല്ലാതെ മറ്റു സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികൾക്ക് സംഭാവന നൽകാൻ നിയമം അനുശാസിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

ഡി) 2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ ചട്ടങ്ങൾ 3(2), 3(3) എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

ചട്ടം3(2) പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു അസാധാരണ ചെലവും പഞ്ചായത്തിന്റെ മൊത്തം അംഗസംഖ്യയുടെ പകുതിയിൽ കുറയാത്ത അംഗങ്ങൾ പിൻതാങ്ങിയിട്ടുള്ള ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്.

ചട്ടം3(3) പഞ്ചായത്തുകൾ, വ്യക്തികൾക്കും സംഘടനകൾക്കും ആക്ടിലോ ചട്ടങ്ങളിലോ സർക്കാർ ഉത്തരവുകളിലോ നിർദ്ദേശിക്കപ്പെട്ട പ്രകാരമല്ലാതെ പണമായി സഹായം നൽകുവാനോ നിയമാനുസൃതമല്ലാത്ത പരസ്യചെലവുകൾ വഹിക്കുവാനോ മത-രാഷ്ട്രീയ-തൊഴിലാളി സംഘനടകൾ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് ചെലവു ചെയ്യുവാനോ അപ്രകാരം ഉള്ള ചെലവുകൾ ഏതെങ്കിലും തരത്തിൽ അസാധാരണ ചെലവുകളിൽ ഉൾപ്പെടുത്തുവാനോ പാടില്ലാത്തതാകുന്നു.

ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർകോട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകൾ പൊതുപരിപാടികൾക്ക് സംഭാവനകൾ . നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ ഇത് ചെയ്തത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇ) കാസറഗോഡ് ജില്ലയിൽ ചെറുവത്തൂർ, ഈസ്റ്റ് എളേരി, കയ്യൂർ ചീമേനി, മടിക്കൈ, പടന്ന, പള്ളിക്കര, പിലിക്കോട്, വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തുകൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംഭാവന നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.

Ramadas

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി - ജില്ലാതല ഇടർ വിദ്യാഭ്യാസ കലോത്സവം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്.

സ.ഉ.(സാധാ.) നം. 2870/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 22/08/2017.

പരാമർശം:- 1. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ 13.07.2017-ലെ ഇ 8-4302/17/കേ.സം.സാ.മി.അ നമ്പർ കത്ത്.

2. 16.02.2006. ലെ സ.ഉ.(എം.എസ്.) 58/06/തസ്വഭവ നമ്പർ ഉത്തരവ്.

## ഉത്തരവ്

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ സംസ്ഥാന ഇടർ വിദ്യാഭ്യാസ കലോത്സവത്തിന് മുന്നോടിയായി ജില്ലാതലങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന ഇടർ വിദ്യാഭ്യാസ കലോത്സവങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിനു അനുമതി നൽകണമെന്ന് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. സംസ്ഥാന സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 8-ാമത് സംസ്ഥാന ഇടർ വിദ്യാഭ്യാസ കലോത്സവത്തിന്റെ മുന്നോടിയായി നടത്തുന്ന ജില്ലാതല ഇടർ വിദ്യാഭ്യാസ കലോത്സവം 2017 ന്റെ നടത്തിപ്പിനായി അതാത് ജില്ലകളിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പരമാവധി 1500/- (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും പരമാവധി 3000/- (മൂവായിരം രൂപ മാത്രം) ജില്ലാ പഞ്ചായത്തുകളിൽ നിന്നും പരമാവധി 15,000/- (പതിനയ്യായിരം രൂപ മാത്രം) ജില്ലാതല സാക്ഷരതാ മിഷൻ അതോറിറ്റിയ്ക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിനും പരാമർശം രണ്ടിലെ വ്യവസ്ഥകൾക്കും വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

3. ജില്ലാതല സാക്ഷരതാ മിഷനുകൾ സംഭാവന നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ( പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക്(പകർപ്പ് ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)
പ്രസിഡന്റ് / സെക്രട്ടറി, ജില്ലാ പഞ്ചായത്തുകൾ.
ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ, TC No.25/92(2), ഗാന്ധാരി അമ്മൻകോവിൽ റോഡ്, പുത്തൻചന്ത, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Scanned with CamScanner

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ല – കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന ഗവ.ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1625/2018/തസ്വഭവ  തിരുവനന്തപുരം, തീയതി, 14/06/2018

പരാമർശം:- കിനാനൂർ -കരിന്തളം നിർദ്ദിഷ്ട ഗവ. ആർട്സ് & സയൻസ് കോളേജ് ആക്ഷൻ കമ്മിറ്റി ചെയർമാന്റെ 13/06/2018 ലെ SC1-4448/18 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഗവ. ആർട്സ് & സയൻസ് കോളേജ് പ്രവർത്തിക്കുന്ന പഞ്ചായത്തിന്റെ താത്ക്കാലിക കെട്ടിടത്തിൽ കോളേജിനാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിനും, പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിലേയ്ക്കുമായി കാസർഗോഡ് ജില്ലാ അതിർത്തിയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 5 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 10 ലക്ഷം രൂപയും, മുനിസിപ്പാലിറ്റികളിൽ നിന്ന് 20 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തിൽ നിന്ന് 50 ലക്ഷം രൂപയും, ഇതിനായി രൂപീകരിച്ചിട്ടുള്ള ജനകീയ കമ്മിറ്റിക്ക് സംഭാവന നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം നിർദ്ദിഷ്ട ഗവ. ആർട്സ് & സയൻസ് കോളേജ് ആക്ഷൻ കമ്മിറ്റി ചെയർമാൻ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിലെ കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഗവ. ആർട്സ് & സയൻസ് കോളേജ് പ്രവർത്തിക്കുന്ന താത്ക്കാലിക കെട്ടിടത്തിൽ കോളേജ് പ്രവർത്തിക്കുന്നതിനാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിനും, പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിലേയ്ക്കുമായി കാസർഗോഡ് ജില്ലാ അതിർത്തിയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 5,00,000/- (അഞ്ച് ലക്ഷം) രൂപയും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 10,00,000/- (പത്ത് ലക്ഷം) രൂപയും, മുനിസിപ്പാലിറ്റികളിൽ നിന്ന് 20,00,000/- (ഇരുപത് ലക്ഷം) രൂപയും ജില്ലാ പഞ്ചായത്തിൽ നിന്ന് 50,00,000/- (അൻപത് ലക്ഷം) രൂപയും അതാത് സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
അനീഷ്.റ്റി
**അണ്ടർ സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ/ ജില്ലാ പഞ്ചായത്ത് (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ് മുഖേന).
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് - ഭിന്നശേഷിയിൽപ്പെട്ടവർക്കായി മെഡിക്കൽക്യാമ്പും ഉപകരണ വിതരണ ക്യാമ്പും നടത്തുന്നതിനായി തൃക്കരിപ്പൂർ മണ്ഡലത്തിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെയും നീലേശ്വരം നഗരസഭയുടെയും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥോചിതാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം. 522/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 05/03/2019

പരാമർശം:- ശ്രീ. എം.രാജഗോപാൽ എം.എൽ.എ (തൃക്കരിപ്പൂർ)യുടെ 04/02/2019 ലെ കത്ത്.

### ഉത്തരവ്

കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിലെ ചീമേനിയിൽ ഭിന്നശേഷിയിൽപ്പെട്ടവർക്കായി മെഡിക്കൽക്യാമ്പും ഉപകരണ വിതരണം നടത്തുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള ക്യാമ്പും കേരള വികലാംഗ ക്ഷേമ കോർപ്പറേഷൻ ആഭിമുഖ്യത്തിൽ ഫെബ്രുവരി 23ന് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും, ഈ ക്യാമ്പിന്റെ നടത്തിപ്പിലേയ്ക്കായി തൃക്കരിപ്പൂർ മണ്ഡലത്തിൽപ്പെട്ട തൃക്കരിപ്പൂർ, വലിയപറമ്പ, പടന്ന, പിലിക്കോട്, ചെറുവത്തൂർ, കയ്യൂർ-ചീമേനി, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നീലേശ്വരം നഗരസഭയിൽ നിന്നും സാമ്പത്തിക സഹായം കൈപ്പറ്റുന്നതിനുള്ള യഥോചിതാനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം ശ്രീ.എം.രാജഗോപാൽ എം.എൽ.എ. അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിലെ ചീമേനിയിൽ ഭിന്നശേഷിയിൽപ്പെട്ടവർക്കായി മെഡിക്കൽക്യാമ്പും, ഉപകരണ വിതരണ ക്യാമ്പും നടത്തുന്നതിനായി തൃക്കരിപ്പൂർ, വലിയപറമ്പ, പടന്ന, പിലിക്കോട്, ചെറുവത്തൂർ, കയ്യൂർ-ചീമേനി, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി എന്നീ ഗ്രാമപഞ്ചായത്തുകളുടെയും നീലേശ്വരം നഗരസഭയുടെയും തനത് ഫണ്ടിൽ നിന്നും 5,000/- (അയ്യായിരം) രൂപയിൽ കവിയാത്ത തുക അനുവദിക്കുന്നതിന് യഥോചിതാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ.
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ് മുഖേന)
ബന്ധപ്പെട്ട നഗരസഭ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

[signature]

സെക്ഷൻ ഓഫീസർ.

Scanned with CamScanner